"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-പന്മന പൂരം-2025 മാർച്ച് 12- ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.203/2025/TSM തീയതി,തിരുവനന്തപുരം, 02-04-2025

---

പരാമർശം:-

1. പന്മന പൂരം ട്രസ്റ്റ് ചെയർമാൻ /കൺവീനർ സമർപ്പിച്ച അപേക്ഷ.
2. ബഹു.ചവറ എം.എൽ.എ., ഡോ.സുജിത് വിജയൻപിള്ള ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രി സമക്ഷം സമർപ്പിച്ച 11-01-2025 ലെ കത്ത്.
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 25-03-2025 തീയതിയിലെ DOT/162/2024-M1 നം. കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ചവറ നിയോജകമണ്ഡലത്തിലെ പന്മന മേജർ ശ്രീ സുബ്രഹ്മണ്യസ്വാമിക്ഷേത്രം പൂരത്തിന് സർക്കാർ എല്ലാ വർഷവും അനുവദിച്ച് വരുന്ന ഗ്രാന്റ് വർദ്ധിപ്പിച്ച് സ്ഥിര ഗ്രാന്റായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, പന്മന പൂരം ട്രസ്റ്റ് ചെയർമാൻ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, ബഹു.ചവറ എം.എൽ.എ., ഡോ.സുജിത് വിജയൻപിള്ള പരാമർശം(2) പ്രകാരം ശിപാർശ ചെയ്തുകൊണ്ട് സർക്കാരിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്മേൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി പരാമർശം (3) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2025 ലെ പന്മന മേജർ ശ്രീ സുബ്രഹ്മണ്യസ്വാമിക്ഷേത്രം പൂരത്തിന് സർക്കാർ എല്ലാ വർഷവും അനുവദിച്ച് വരുന്ന ഗ്രാന്റിന്റെ തുടർച്ചയായി 3452-80-104-99-01-ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം എന്ന ശീർഷകത്തിൽ നിന്നും ₹1,00,000/-(ഒരു ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം പന്മന പൂരം ട്രസ്റ്റ് ചെയർമാൻ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
പന്മന പൂരം ട്രസ്റ്റ് ചെയർമാൻ (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana T
സെക്ഷൻ ഓഫീസർ
Date: 03-04-2025 10:45:11

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്